# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KLM/P1/398/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 05/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ,കൊല്ലം
3.കാര്യാലയ പകർപ്പ്

നമ്പർ: KSA/KLM/P1/398/22 തീയ്യതി: 05/07/2022

## കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-09-2020 മുതൽ 19-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. കെ. പി. മാത്യുറോയ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 21-02-2022 | 03-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-02-2022 | 03-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ്കുമാർ. പി (ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.അരുൺകുമാർ എ (അസി. ഓഡിറ്റ് ഓഫീസർ)
ശ്രീ. രാജൻ വി. ഡി.(സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ.ശ്രീകുമാർ എസ് (ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.രഞ്ജുസുരേഷ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി. സൗമ്യ | സെക്രട്ടറി | 01-04-2019 | 13-12-2019 |

| | | | |
|---|---|---|---|
| ഗോപാലകൃഷ്ണൻ | | | |
| ശ്രീ.കെ മുരളീധരൻപിള്ള | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-12-2019 | 13-02-2020 |
| ശ്രീ.ടി അലക്സാണ്ടർ | സെക്രട്ടറി | 14-02-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബി.വിജയകുമാർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.ശിശുപാലൻ.സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-05-2019 |
| ശ്രീമതി.രചന വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-06-2019 | 18-07-2019 |
| ശ്രീ.ബാബുക്കുട്ടൻപിള്ള | അസിസ്റ്റന്റ് എഞ്ചിനീയർ | 19-07-2019 | 31-03-2020 |
| ശ്രീ.കെ കുരികേശു | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സനൂജാബീഗം | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 06-07-2019 |
| ശ്രീ.ജോൺ മാത്യു | പട്ടികജാതി വികസന ഓഫീസർ | 07-07-2019 | 15-07-2019 |
| ശ്രീ.ബേബി തോമസ് | പട്ടികജാതി വികസന ഓഫീസർ | 16-07-2019 | 29-03-2020 |
| ശ്രീ.ബാബു പി | പട്ടികജാതി വികസന ഓഫീസർ | 30-03-2020 | 31-03-2020 |
| ശ്രീ.ഷിനുബാബുക്കുട്ടി | പട്ടികവർഗ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സുരേഖനായർ | ക്ഷീര വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.ജോഷ്വാ ബെന്നറ്റ് ജോൺ | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.സന്തോഷ് കുമാർ | സീനിയർ വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.ജി.ശ്യാമകൃഷ്ണൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ.സജീവ് എസ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, അഞ്ചൽ) | 01-04-2019 | 19-03-2020 |

| | | | |
|---|---|---|---|
| ഡോ.ഷമീർ സലാം | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, അഞ്ചൽ) | 20-03-2020 | 31-03-2020 |
| ഡോ.പ്രകാശ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, കുളത്തൂപ്പുഴ) | 01-04-2019 | 31-03-2020 |
| ശ്രീമതി.രേഖ എം ജി | സി.ഡി.പി.ഒ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rajan.V.D (Senior Grade Auditor, On 23-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 01-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Rajan.V.D (Senior Grade Auditor, On 23-02-2022)<br>Last Updated By: Rajan.V.D (Senior Grade Auditor, On 04-07-2022) | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ<br>Written By: Rajan.V.D (Senior Grade Auditor, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 01-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Rajan.V.D (Senior Grade Auditor, On 23-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 01-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Rajan.V.D (Senior Grade Auditor, On 23-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 01-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Rajan.V.D (Senior Grade Auditor, On 23-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 01-07-2022) | 1-5 |
| 7 | ക്യാഷ് പരിശോധന<br>Written By: Rajan.V.D (Senior Grade Auditor, On 28-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 01-07-2022) | 1-6 |
| 8 | ആഭ്യന്തരനിയന്ത്രണം<br>Written By: Rajan.V.D (Senior Grade Auditor, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-07-2022) | 1-7 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Rajan.V.D (Senior Grade Auditor, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-07-2022) | 1-8 |
| 10 | പാലിയേറ്റീവ് കെയർ പദ്ധതി - ക്വട്ടേഷൻ ക്ഷണിക്കാതെ വാഹന വാടകയ്ക്ക് എടുത്തു.<br>Written By: Sreekumar.S (Auditor, On 06-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 02-07-2022) | 1-9 |
| 11 | സ്റ്റോർസ് പർച്ചേസ് മാനദണ്ഡപ്രകാരം ക്വട്ടേഷൻ ക്ഷണിക്കാതെ ലാബ് റീഏജന്റ് വാങ്ങി.<br>Written By: Sreekumar.S (Auditor, On 06-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 02-07-2022) | 1-10 |
| 12 | ചെലവ് രേഖകൾ ഹാജരാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു - 21,20,934/-രൂപ<br>Written By: Sreekumar.S (Auditor, On 03-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-07-2022) | 1-11 |
| 13 | പാലിന് സബ്സിഡി - തദ്ദേശ സ്വയംഭരണ സ്ഥാപനവിഹിതം അനുവദനീയമായതിലും അധിക നിരക്കിൽ നല്കി.<br>Written By: Rajan.V.D (Senior Grade Auditor, On 27-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 02-07-2022) | 1-12 |
| 14 | ധനവിനിയോഗരേഖകൾ ലഭ്യമാക്കിയില്ല - ചെലവ് തുക തടസ്സത്തിൽ നിർത്തുന്നു.<br>Written By: Rajan.V.D (Senior Grade Auditor, On 28-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-07-2022) | 1-13 |
| 15 | ഗ്യാസ് ക്രിമറ്റോറിയത്തിന് ഫർണസ്, ജനറേറ്റർ സ്ഥാപിക്കൽ - | 1-14 |

| | | |
|---|---|---|
| | 1,68,000/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.<br>Written By: Rajan.V.D (Senior Grade Auditor, On 27-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | |
| 16 | ലൈഫ് പദ്ധതി - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു<br>Written By: Rajan.V.D (Senior Grade Auditor, On 28-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 02-07-2022) | 1-15 |
| 17 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ചെലവ് തുക 3,00,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.<br>Written By: Arun Kumar A (Asst. Audit Officer, On 02-03-2022)<br>Last Updated By: Rajan.V.D (Senior Grade Auditor, On 04-07-2022) | 1-16 |
| 18 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ ധനവിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: Rajan.V.D (Senior Grade Auditor, On 03-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-07-2022) | 1-17 |
| 19 | കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല.<br>Written By: Pradeep Kumar P (Audit Officer (HG), On 03-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 02-07-2022) | 1-18 |
| 20 | മരാമത്ത് പ്രവൃത്തി ഏറ്റെടുത്തു കരാർ വച്ചശേഷം പദ്ധതി ഉപേക്ഷിച്ച :- സാഹചര്യവും തുടർനടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കണം.<br>Written By: Pradeep Kumar P (Audit Officer (HG), On 03-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-19 |
| 21 | പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റ് സ്ഥാപിക്കൽ : പദ്ധതി ലക്ഷ്യം കണ്ടില്ല.<br>Written By: Pradeep Kumar P (Audit Officer (HG), On 05-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 02-07-2022) | 1-20 |
| 22 | മാർഗരേഖയ്ക്ക് വിരുദ്ധമായ ചെലവ് നിരാകരിക്കുന്നു.<br>Written By: Arun Kumar A (Asst. Audit Officer, On 05-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-07-2022) | 1-21 |
| 23 | വിതരണം ചെയ്യാത്ത കട്ടിലുകളുടെ വില 47,850/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.<br>Written By: Arun Kumar A (Asst. Audit Officer, On 05-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-07-2022) | 1-22 |
| 24 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ - പദ്ധതികൾ ഒന്നുംതന്നെ നടപ്പിലാക്കിയില്ല.<br>Written By: Sreekumar.S (Auditor, On 06-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 02-07-2022) | 1-23 |
| 25 | പത്രങ്ങളിൽ പരസ്യങ്ങൾക്ക് ഡിസ്കൗണ്ട് ലഭിച്ചില്ല.<br>Written By: Sreekumar.S (Auditor, On 06-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-07-2022) | 1-24 |
| 26 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.<br>Written By: Arun Kumar A (Asst. Audit Officer, On 08-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-07-2022) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഗ്യാസ് ക്രിമറ്റോറിയത്തിന് ഫർണസ്, ജനറേറ്റർ സ്ഥാപിക്കൽ - 1,68,000/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.<br>Written By: Rajan.V.D (Senior Grade Auditor, On 03-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 3-1 |
| 2 | പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റ് സ്ഥാപിക്കൽ : പദ്ധതി ലക്ഷ്യം കണ്ടില്ല.<br>Written By: Pradeep Kumar P (Audit Officer (HG), On 03-03-2022) | 3-2 |

| | | |
|---|---|---|
| | Last Updated By: Bini Chandran S (Computer Assistant, On 04-07-2022) | |
| 3 | മാർഗരേഖയ്ക്ക് വിരുദ്ധമായ ചെലവ് നിരാകരിക്കുന്നു.<br>Written By: Arun Kumar A (Asst. Audit Officer, On 09-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-07-2022) | 3-3 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Rajan.V.D (Senior Grade Auditor, On 03-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 01-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Rajan.V.D (Senior Grade Auditor, On 28-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 01-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Rajan.V.D (Senior Grade Auditor, On 28-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rajan.V.D (Senior Grade Auditor, On 03-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 02-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Rajan.V.D (Senior Grade Auditor, On 03-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 02-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Rajan.V.D (Senior Grade Auditor, On 03-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 02-07-2022) | 4-6 |
| 7 | സ്ഥിര നിക്ഷേപം<br>Written By: Rajan.V.D (Senior Grade Auditor, On 03-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 02-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Rajan.V.D (Senior Grade Auditor, On 03-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Rajan.V.D (Senior Grade Auditor, On 03-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 02-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajan.V.D (Senior Grade Auditor, On 03-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Rajan.V.D (Senior Grade Auditor, On 27-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 വർഷ ബജറ്റ് 14.2.2019 തീയതിയിലെ VII-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 26.02.2020 ലെ 1-ാം നം. തീരുമാനപ്രകാരം റിവൈസ്ഡ് ബജറ്റ് അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2020 | 25.06.2020 | -- | -- |

### 1-2-1 വാർഷികധനകാര്യപത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

2019-2020 വർഷ വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ബി-11 ഷെഡ്യൂളിലെ തുകയുടെ വിശദാംശങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.
2. ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
3. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിശദാംശങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.
4. I-6 സംയുക്ത പ്രോജക്ടുകൾക്ക് ഗ്രാമ-ബ്ലോക്കിൽ നിന്നും വിഹിതം ലഭിച്ചതായി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല. സംയുക്ത പ്രോജക്ട് - ചെലവുതുക വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.
5. B-12 ഷെഡ്യൂളിൽ (420500101) Investments-Equity Shares ഇനത്തിൽ 15,65,000/-രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൃത്യത ബോധ്യപ്പെട്ടിട്ടില്ല.
6. RP-4 (140200101) Penalties And Fines - Penal Interest ഇനത്തിൽ 70,274/-രൂപ വരവുണ്ട്. വരവ് തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
7. RP-10, RP-6 വരവ് തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
8. MGNREGS അഡ്മിനിസ്ട്രേഷൻ വരവ് ചെലവുകൾ വാർഷികധനകാര്യപത്രികയുടെ ഭാഗമാക്കിയിട്ടില്ല.
9. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട്, ചെലവ് ഇവ A F S-ൽ ഉൾപ്പെട്ടിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7,91,73,096/-രൂപ |
| വരവ് | 9,49,53,182/-രൂപ |
| ആകെ | 17,41,26,278/-രൂപ |
| ചെലവ് | 10,45,30,098/-രൂപ |
| നീക്കിയിരിപ്പ് | 6,95,96,180/-രൂപ |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | 6,50,943/-രൂപ |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,22,95,569/-രൂപ |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ | 0 | 9,15,98,000/- | 9,15,98,000/- | 5,48,49,009/- | 3,67,48,991/- |
| വികസന ഫണ്ട്- എസ്.സി.പി | 0 | 2,67,26,000/- | 2,67,26,000/- | 1,76,29,873/- | 90,96,127/- |
| വികസന ഫണ്ട് – ടി.എസ്.പി | 0 | 29,22,000/- | 29,22,000/- | 29,22,000/- | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 1,19,54,000/- | 1,19,54,000/- | 63,16,206/- | 56,37,794/- |
| I A Y | 1,98,56,513/- | 1,80,744/- | 2,00,37,257/- | 4,14,876/- | 2,04,52,133/- |
| TSC | 20,38,495/- | 71,845/- | 21,10,340/- | - | 21,10,340/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 153 | 13,32,00,000/- | 118 | 8,17,17,088/- | - | 35 | 77% |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-02-2022-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക്പഞ്ചായത്തിലെ എല്ലാ വരവുകളും സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നില്ല. ചെലവ് വൗച്ചറുകൾ സാംഖ്യ സമ്പ്രദായപ്രകാരം അക്കൗണ്ട്ചെയ്ത് വൗച്ചർ നമ്പർ ക്രമത്തിൽ സൂക്ഷിച്ചുവരുന്നില്ല. വരവു തുകകൾക്ക് മാനുവൽ രസീത് നൽകി സ്വീകരിക്കുകയും എന്നാൽ പിന്നീട് സാംഖ്യയിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. മാന്വൽ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. വിവിധ ഇനങ്ങളിലായി ലഭിക്കുന്ന തുകകൾ അതാത് ഹെഡിൽ ഉൾപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്. ഇക്കാരണത്താൽ സംയുക്ത പദ്ധതികൾക്ക് ഉൾപ്പെടെ ലഭിക്കുന്ന തുകകളുടെ കൃത്യമായ വിനിയോഗവിവരങ്ങൾ സ്ഥാപനത്തിൽ ലഭ്യമല്ല. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങളാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സാംഖ്യ അധിഷ്ഠിത ക്യാഷ്ബുക്ക്, ഡേബുക്ക് ഇവ ക്രമീകരിച്ച് സൂക്ഷിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാനായുള്ള ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

വിവിധ പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് ഫലപ്രദമായ മോണിറ്ററിംഗ് നിർവഹിച്ചിട്ടുള്ളതായി കാണുന്നില്ല. പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ചുള്ള കൃത്യതയാർന്ന ആധികാരികമാക്കിയ രേഖപ്പെടുത്തലുകളും തുടർനിരീക്ഷണങ്ങളും

അനിവാര്യമാണ്.

വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിലാണ് നടത്തിയിട്ടുള്ളത്. എന്നാൽ പർച്ചേസിംഗ് കമ്മറ്റി മിനിട്സ് സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിച്ചുവരുന്നില്ല.സ്റ്റോക്ക് പരിശോധന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കാലാകാലങ്ങളിൽ നിർവ്വഹിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, വാടകരജിസ്റ്റർ ഇവയൊന്നും ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല. ആസ്തി സംരക്ഷണത്തിന് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല. 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലൂടെ പ്രസ്തുത വിവരം ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നുവെങ്കിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്ത സാഹചര്യം ഉണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം ശക്തിപ്പെടുത്താനും ആഭ്യന്തരനിയന്ത്രണസംവിധാനം കൂടുതൽ കാര്യക്ഷമമാക്കാനും ഓഡിറ്റ് ശുപാർശചെയ്യുന്നു. ഈ വിഷയത്തിൽ ഭരണസമിതിയുടേയും ധനകാര്യമുൾപ്പെടെയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടേയും സജീവ ശ്രദ്ധ ക്ഷണിക്കുന്നു. സംയുക്ത പദ്ധതികൾക്കായി വിവിധ ഗ്രാമപഞ്ചായത്തുകൾക്കും, നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികൾക്കും നൽകിയ തുകയുടെ വിനിയോഗ വിവരങ്ങൾ യഥാസമയം തന്നെ വാങ്ങുകയും ഫലപ്രദമായ രീതിയിൽ തുടർപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യേണ്ടതാണ്.പദ്ധതികളുടെ ആനുകൂല്യങ്ങൾ ഗുണഭോക്തൃലിസ്റ്റിനനുസൃതമായി തന്നെ നല്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഉറപ്പുവരുത്തേണ്ടതാണ്. ആവശ്യകത ഉറപ്പുവരുത്താതെ സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങൽ നടത്തുന്നത് ആശാസ്യമല്ല. (വയോജനങ്ങൾക്ക് കട്ടിൽ,യു പി എസ് ബാറ്ററികൾ വാങ്ങൽ..).ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ബ്ലോക്കുപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ശക്തമായ അഭ്യന്തരനിയന്ത്രണസംവിധാനം ബ്ലോക്ക് പഞ്ചായത്തിൽ ഉണ്ടാകേണ്ടതുണ്ട്.

1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.10.17 | 2016-2017 | 28.12.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.5.2017 | 2016-17 മുതൽ 2017-18 വരെ | 5.7.2019 |

1-9 പാലിയേറ്റീവ് കെയർ പദ്ധതി - ക്വട്ടേഷൻ ക്ഷണിക്കാതെ വാഹന വാടകയ്ക്ക് എടുത്തു.

സെക്കന്ററി പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി (പ്രോ.നം. 156/20) ഹോം കെയർ ടീമിന് വാഹനസൗകര്യം ലഭ്യമാക്കുന്നതിന് ഒരു വാഹനം ദിവസവാടകയ്ക്ക് എടുത്തിട്ടുണ്ട്. ശ്രീ.പ്രസാദിന്റെ ഉടമസ്ഥതയിലുള്ള കെ.എൽ.05-5362-ാം നമ്പർ വാഹനമാണ് വാടകയ്ക്ക് എടുത്തിട്ടുള്ളത്. ഹോം കെയർ വിസിറ്റിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ ആരോഗ്യ സ്ഥാപനത്തിന്റെയോ വാഹനം ലഭ്യമല്ലാത്ത സാഹചര്യത്തിൽ 07.03.19-ലെ സ.ഉ.(സാധാ.) നം.533/2019/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള പാലിയേറ്റീവ് കെയർ പദ്ധതി മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ക്വട്ടേഷൻ ക്ഷണിച്ചാണ് പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി വാഹനം വാടകയ്ക്ക് എടുക്കേണ്ടത്. ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന വാഹനമായിരിക്കണം വാടകയ്ക്ക് എടുക്കേണ്ടത്. എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, വാഹനം വാടകയ്ക്ക് എടുക്കുന്നതിന് വേണ്ടി ക്വട്ടേഷൻ നടപടികൾ

സ്വീകരിച്ചതിന്റെ വിവരം ലഭ്യമല്ല. വാഹന ഉടമ സമർപ്പിച്ചിട്ടുള്ള ട്രിപ് ഷീറ്റ് പ്രകാരം പ്രതിദിന വാടക നൽകിയിരിക്കുന്നത്. ക്വട്ടേഷൻ നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.3/24.02.22) നൽകിയെങ്കിലും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. നടപടിക്രമങ്ങൾ പാലിക്കാതെയാണ് വാഹനം വാടകയ്ക്കെടുത്തതെങ്കിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ വിശദീകരിക്കേണ്ടതാണ്.

1-10 സ്റ്റോർസ് പർച്ചേസ് മാനദണ്ഡപ്രകാരം ക്വട്ടേഷൻ ക്ഷണിക്കാതെ ലാബ് റീഏജന്റു വാങ്ങി.

മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പി.എച്ച്.സി-യിലേക്ക് ലാബ് റീഏജന്റുകൾ വാങ്ങുന്നതിന് (പ്രോജക്ട് നം. 105/20) റോഡിതര മെയിന്റനൻസ് ഗ്രാന്റ് (5,00,000/-) വകയിരുത്തി പദ്ധതി രൂപീകരിക്കുകയും 4,69,159/-രൂപ പദ്ധതിയ്ക്കായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എക്സറെ ഫിലിം വാങ്ങുന്നതിന് (പ്രോജക്ട് നം. 106/20) റോഡിതര മെയിന്റനൻസ് ഗ്രാന്റ് (1,00,000/-) വകയിരുത്തി പദ്ധതി രൂപീകരിക്കുകയും 98,783/-രൂപ പദ്ധതിയ്ക്കായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റോർസ് പർച്ചേസ് മാനദണ്ഡപ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന സ്ഥാപനത്തിൽ നിന്നാണ് ലാബ് റീഏജന്റുകൾ, എക്സറെ ഫിലിം എന്നിവ വാങ്ങേണ്ടത്. എന്നാൽ ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ വിവിധ സ്ഥാപനങ്ങളിൽ നിന്നുമാണ് ലാബ് റീഏജന്റുകൾ, എക്സറെ ഫിലിം എന്നിവ വാങ്ങിയിട്ടുള്ളത്. ക്വട്ടേഷൻ നടപടികളുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്. ഉത്തരവാദിയായ ഉദ്യോഗസ്ഥൻ വിശദീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 7/25.02.2022

1-11 ചെലവ് രേഖകൾ ഹാജരാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു - 21,20,934/-രൂപ

മെഡിക്കൽ ഓഫീസർ, കുളത്തൂപ്പുഴ സി.എച്ച്.സി 2019-20 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ ഫയലുകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സുലേഖാ ചെലവ് പത്രിക പ്രകാരം താഴെ പറയുന്ന ചെലവുകൾ നടന്നതായി കാണുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | ചെലവ്(രൂപ) |
|---|---|---|
| 1 | 107/2019-20 - കുളത്തൂപ്പുഴ സി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ | 20,00,000/- |
| 2 | 166/2019-20 - കുളത്തൂപ്പുഴ സി.എച്ച്.സി - സെക്കന്ററി പാലിയേറ്റീവ് പ്രവർത്തനങ്ങൾ | 1,20,934/- |
| | ആകെ | 21,20,934/- |

ഓഡിറ്റിൽ ഫയൽ ഹാജരാക്കുന്നതിന് ഓഡിറ്റ് റിക്വസിഷൻ നൽകിയെങ്കിലും (റിക്വസിഷൻ-1/2022) ഫയൽ ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവ് തുകയായ 21,20,934/- രൂപ തടസ്സപ്പെടുത്തുന്നു.

1-12 പാലിന് സബ്സിഡി - തദ്ദേശ സ്വയംഭരണ സ്ഥാപനവിഹിതം അനുവദനീയമായതിലും അധിക നിരക്കിൽ നല്കി.

പ്രോജക്ട് നം – 22/2020-21

അടങ്കൽ തുക – 45,00,000/-രൂപ

ചെലവ് – 28,02,549/-രൂപ

ക്ഷീര സംഘത്തിൽ നൽകുന്ന പാലിന് ക്ഷീരവികസനവകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ ലിറ്ററൊന്നിന് നാല് രൂപ തോതിൽ ഒരു വർഷം പരമാവധി 40,000/-രൂപ ഒരു കർഷകന്

സബ്സിഡിയായി നൽകാമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിലെ സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധമായ 14. 12. 18 ലെ സ.ഉ (കൈ) നം.22/18/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിരിക്കെ ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ 'പാലിന് സബ്സിഡി' എന്ന പ്രോജക്ട് പ്രകാരം (പ്രോ നം. 22/19-20) 2019 ജൂൺ മാസം മുതൽ 2020 ഫെബ്രുവരി മാസം വരെയുള്ള കാലയളവിൽ പഞ്ചായത്ത് ഫണ്ടിൽ നിന്ന് ലിറ്ററൊന്നിന് നാല് രൂപ തോതിൽ സബ്സിഡി നൽകി. 2019-20 കാലയളവിൽ 5,21,493/-രൂപ സബ്സിഡി ഇനത്തിൽ അധികമായി നല്കിയിട്ടുണ്ട്.

ക്ഷീര വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി തുകയായ ഒരു രൂപ ഉൾപ്പെടാത്ത പക്ഷം കർഷകന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകാവുന്ന സബ്സിഡി ലിറ്ററിന് 3 രൂപ തോതിലായതിനാലും സംസ്ഥാനവിഹിതം ലഭ്യമല്ലെങ്കിൽ അതും തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകണമെന്ന് സബ്സിഡി മാർഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാലും പഞ്ചായത്ത് ഫണ്ടിൽ നിന്നും ലിറ്ററിന് 4 രൂപ തോതിൽ സബ്സിഡി നൽകിയത് സബ്സിഡി മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ക്ഷീരവികസനവകുപ്പിൽ നിന്ന് സബ്സിഡി ലഭ്യമാകുന്ന മാസങ്ങളിൽ 3 രൂപ വീതവും വകുപ്പിൽ നിന്നും സബ്സിഡി ലഭ്യമാകാത്ത തുടർന്നുള്ള മാസങ്ങളിൽ 4 രൂപ വീതവും പഞ്ചായത്ത് ഫണ്ടിൽ നിന്നും സബ്സിഡി നൽകുന്ന രീതിയാണ് മുൻവർഷവും സ്വീകരിച്ചിരുന്നതെന്നും ഇതിൽ തെറ്റുള്ള പക്ഷം തുടർവർഷങ്ങളിൽ 3 രൂപ വച്ച് മാത്രമേ നൽകുകയുള്ളുവെന്നും മറുപടി നൽകിയിട്ടുണ്ട്. അധികം നൽകിയ തുക ക്ഷീരവികസന വകുപ്പിൽ നിന്ന് ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 6/25.02.22

1-13 ധനവിനിയോഗരേഖകൾ ലഭ്യമാക്കിയില്ല - ചെലവ് തുക തടസ്സത്തിൽ നിർത്തുന്നു.

പദ്ധതി നം – 63/19-20
കുട്ടിനാട് മടവൂർക്കോണം കോളനി റോഡ് കോൺക്രീറ്റിംഗ് – അലയമൺ പഞ്ചായത്തിന് വിഹിതം നല്കൽ
അടങ്കൽ തുക – 1,50,000/-രൂപ (വികസനഫണ്ട്-ജനറൽ)
ചെലവ് തുക – 1,50,000/-രൂപ, ബിൽ നം 406/31.01.2020
നിർവ്വഹണം - സെക്രട്ടറി

പദ്ധതിനിർവഹണത്തിനായി 15,000/-രൂപ അലയമൺ ഗ്രാമപഞ്ചായത്തിന് നല്കിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതായോ തുക വിനിയോഗം സംബന്ധിച്ചോ ഉള്ള വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

തടസ്സപ്പെടുത്തുന്ന തുക – 1,50,000/-രൂപ
ഓഡിറ്റ് അന്വേഷണം – 04/25-02-22

1-14 ഗ്യാസ് ക്രിമറ്റോറിയത്തിന് ഫർണസ്, ജനറേറ്റർ സ്ഥാപിക്കൽ - 1,68,000/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

പ്രോജക്ട് നമ്പർ – 163/2019-20
ഗ്യാസ് ക്രിമറ്റോറിയത്തിന് ഫർണസ്, ജനറേറ്റർ സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
അടങ്കൽ തുക – 33,27,840/-രൂപ (വികസനഫണ്ട് – ജനറൽ)
ചെലവ് തുക – 32,52,810/-രൂപ (ബിൽ നം.149/17.9.19)

2019-20 കാലയളവിൽ 'ഗ്യാസ് ക്രിമറ്റോറിയത്തിന് ഫർണസ്, ജനറേറ്റർ സ്ഥാപിക്കൽ' എന്ന പദ്ധതിനിർവഹണത്തിനായി SIDCO-യുമായി കരാറിലേർപ്പെട്ടു. 2019 ആഗസ്റ്റ് 5ന് സിഡ്കോ ലഭ്യമാക്കിയ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 32,52,810/-രൂപ (ബിൽ നം 150/17-09-2019) സിഡ്കോയ്ക്ക് നല്കി. പദ്ധതി പൂർത്തീകരിച്ചതിന് ശേഷം SIDCO ലഭ്യമാക്കിയ രേഖകൾ പ്രകാരം ആകെ 30,84,810/-രൂപയുടെ നിർമ്മാണപ്രവൃത്തികൾ മാത്രമാണ് നടത്തിയിട്ടുള്ളത്. അവശേഷിക്കുന്ന 1,68,000/-രൂപയുടെ ചെലവ് സാധൂകരിക്കുന്ന യാതൊരു രേഖകളും ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ 1,68,000/-രൂപ തിരികെ ലഭ്യമാക്കേണ്ടിയിരുന്നു. 02-03-2022 ന് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ പരിശോധനയിൽ Tax Invoice-ൽ പ്രതിപാദിച്ചിരിക്കുന്ന 30,84,810/-രൂപയുടെ നിർമ്മാണപ്രവൃത്തികൾ മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് ബോദ്ധ്യപ്പെട്ടു. SIDCO യ്ക്ക് മുൻകൂറായി നല്കിയ 32,52,810/-രൂപയിൽ 30,84,810/-രൂപ ഒഴികെ 1,68,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപെട്ട പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണത്തിനായി സംസ്ഥാന ശുചിത്വമിഷൻ SIDCO യെ ഔദ്യോഗിക അക്രഡിറ്റഡ് ഏജൻസിയായി തെരഞ്ഞെടുത്തിട്ടില്ല. GO(P)No 77/2019 Fin Dated 4-7-2019 പ്രകാരം General Civil Construction Works Of Government Departments Other Than PWD As PMC മാത്രമാണ് SIDCO യിൽ നിക്ഷിപ്തമാക്കിയിട്ടുള്ളത്.

2. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട Detailed Estimate ഇല്ലാതെയാണ് Proforma Invoice ന്റെ അടിസ്ഥാനത്തിൽ മാത്രം മുൻകൂറായി 32,52,810/-രൂപ നല്കിയത്.

3. പദ്ധതി നിർവഹണപുരോഗതി വിലയിരുത്തുന്നതിനായുള്ള അളവ് പുസ്തകമോ, ഏജൻസി അംഗീകരിച്ച മറ്റ് രേഖകളോ ഇല്ല. ഇതിനാൽ തന്നെ പ്രവൃത്തിയുടെ പൂർത്തീകരണമൂല്യം വ്യക്തമല്ല. പ്രവൃത്തി പൂർണ്ണമായതായുള്ള ധനവിനിയോഗപത്രം മാത്രമാണ് SIDCO ലഭ്യമാക്കിയത്.

4. ക്രിമറ്റോറിയം നിർമ്മാണപൂർത്തീകരണവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിലെ മരാമത്ത് വിഭാഗത്തിന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ട് സെക്രട്ടറി കത്ത് നല്കിയെങ്കിലും മരാമത്ത് വിഭാഗത്തിന്റെ ഭാഗത്തുനിന്നും റിപ്പോർട്ടുകൾ ഒന്നുംതന്നെ ലഭ്യമായില്ല. ഈ സാഹചര്യത്തിൽ 28-07-2021 ലെ 02/2021 നം കത്ത് മുഖേന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ക്രിമറ്റോറിയം പ്രവർത്തനക്ഷമമാണെന്നും എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചതായും സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുണ്ട്.

5. SIDCO ലഭ്യമാക്കിയ Tax Invoice, Utilisation Certificate എന്നിവ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ഇതിൽ 1,68,000/-രൂപ ഏത് പ്രവൃത്തിയ്ക്കാണ് വിനിയോഗിച്ചിട്ടുള്ളത് എന്നതിന് ഉപോത്ബലകമായ രേഖകൾ ലഭ്യമല്ല. പ്രവൃത്തിയുടെ അന്തിമബിൽ നിർവഹണം നടത്തിയ ഉദ്യോഗസ്ഥൻ പരിശോധന നടത്തി ധനവിനിയോഗസാക്ഷ്യപത്രത്തിന്റെ സാംഗത്യം ഉറപ്പുവരുത്തിയതായി കാണുന്നില്ല.

6. ഭരണതല സംവിധാനങ്ങളുടെ കൃത്യമായ തുടർനിരീക്ഷണങ്ങളുടെ അപര്യാപ്തത പദ്ധതിച്ചെലവുകളിലെ സുതാര്യതയില്ലായ്മ, അധികച്ചെലവ് എന്നിവയ്ക്ക് കാരണമാകും.

ക്രിമറ്റോറിയം നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള എല്ലാ രേഖകളും ലഭ്യമാക്കി SIDCO ഹാജരാക്കിയ ധനവിനിയോഗസാക്ഷ്യപത്രത്തിന്മേൽ ഉചിതമായ ഭരണതല നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക – 1,68,000/-രൂപ

ഓഡിറ്റ് അന്വേഷണം- 5/25-02-2022

1-15 ലൈഫ് പദ്ധതി - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു

2019-2020 ൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവനനിർമ്മാണം (ജനറൽ)-52/2020, ലൈഫ് ഭവനനിർമ്മാണം (എസ് സി പി)-97/2020 എന്നീ പദ്ധതികളിലായി ബ്ലോക്ക് പരിധിയിൽപ്പെടുന്ന എട്ട് ഗ്രാമപഞ്ചായത്തുകൾക്കായി വിഹിതം നല്കിയിരുന്നു. പഞ്ചായത്തുകൾ നാളിതുവരെ വിനിയോഗസാക്ഷ്യപത്രം പൂർണ്ണമായും ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പഞ്ചായത്ത് | നല്കിയ തുക (രൂപ) | | UC ലഭ്യമായ തുക (രൂപ) | | UC ലഭ്യമാകാൻ അവശേഷിക്കുന്ന തുക (രൂപ) | |
|---|---|---|---|---|---|---|---|
| | | ലൈഫ് (ജന) | ലൈഫ്(scp) | ലൈഫ് (ജന) | ലൈഫ്(scp) | ലൈഫ് (ജന) | ലൈഫ്(scp) |
| 1 | ഏരൂർ | 39,33,018/- | 10,00,000/- | 0 | 0 | 39,33,018/- | 10,00,000/- |
| 2 | കുളത്തുപ്പുഴ | 28,94,525/- | 10,00,000/- | 0 | 0 | 28,94,525/- | 10,00,000/- |
| 3 | ഇടമുളയ്ക്കൽ | 10,82,685/- | 7,69,669/- | 0 | 0 | 10,82,685/- | 7,69,669/- |
| 4 | ആര്യങ്കാവ് | 12,24,597/- | 6,25,356/- | 0 | 0 | 12,24,597/- | 6,25,356/- |
| 5 | തെന്മല | 37,56,255/- | 5,77,250/- | 0 | 0 | 37,56,255/- | 5,77,250/- |
| 6 | അഞ്ചൽ | 12,97,943/- | 15,77,252/- | 0 | 0 | 12,97,943/- | 15,77,252/- |
| 7 | അലയമൺ | 21,43,274/- | 12,02,607/- | 0 | 0 | 21,43,274/- | 12,02,607/- |
| 8 | കരവാളൂർ | 24,96,803 | - | 0 | 0 | 24,96,803/- | 0 |
| ആകെ | | | | | | 1,88,29,100/- | 67,52,134/- |
| (ലൈഫ് ജനറൽ & ലൈഫ് SCP) | | | | | | 2,55,81,234/-രൂപ | |

ഓഡിറ്റ് അന്വേഷണം നം – 04/25.02.2022

1-16 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ചെലവ് തുക 3,00,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

പദ്ധതി നം - 27/20

പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി.

നിർവഹണോദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

അടങ്കൽ – 72,00,000-രൂപ, (വികസന ഫണ്ട്-എസ്.സി.പി)

ചെലവ് തുക – 17,50,000/-രൂപ

പ്രസ്തുത പദ്ധതി പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താവ് | ആകെ കൈപ്പറ്റിയ തുക (രൂപ) |
|---|---|---|
| 1 | അയ്യപ്പൻ,<br>അയ്യപ്പസദനം, ഇരുളൻകാട് | 50,000/-രൂ ബിൽ നം-32/19-20<br>തീയതി-20-1-20 |

| | | |
|---|---|---|
| | നെടുമ്പാറ, ആര്യൻകാവ്. | 52/19-20 തീയതി-20-1-20 തുക – 50,000/-രൂ<br>50000/-രൂ, ബിൽ നം-9/21, തീയതി-15-6-20 |
| 2 | ഗീതാ വിജയകുമാർ,<br>ചരുവിള പുത്തൻ വീട്,<br>പ്ലാത്തറ എലിക്കോട്. | 22/21, 20.8.20 തുക- 50,000/-രൂ<br>55/21, 28.10.20 തുക- 50,000/-രൂ<br>58/21, 23.11.20 തുക- 50,000/-രൂ |
| 3 | സുശീല, തോട്ടിൻകര പുത്തൻ വീട്,<br>അയിലറ പി.ഒ ഏരൂർ | 32/19-20, 20.1.20- 50,000/-രൂ<br>52/19-20, 20.1.20- 50,000/-രൂ |
| 4 | ശിവപ്രസാദ്,<br>മുരളിവിലാസം, പെരുമണ്ണൂർ,പി.ഒ<br>വാളകം | 50/19-20, 20.1.20 തുക- 50,000/-രൂ<br>52/19-20, 20.1.20 തുക- 50,000/-രൂ<br>40/20-21, 29.9.20 തുക- 50,000/-രൂ |
| | ആകെ ചെലവ് | 5,50,000/-രൂപ |

വിശദവിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രസ്തുത ഗുണഭോക്താക്കൾക്ക് നിരവധി തവണ അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. ആയതിനാൽ പ്രസ്തുത ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ തൻവർഷ ചെലവ് തുക 3,00,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. മേൽ ഗുണഭോക്താക്കളെക്കൊണ്ട് പഠനമുറിനിർമ്മാണം പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

തടസ്സപ്പെടുത്തിയ തുക – 3,00,000/-രൂപ

ഓഡിറ്റ് അന്വേഷണം – 8 തീയതി-25.2.22

1-17 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ ധനവിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കേരള വാട്ടർ അതോറിറ്റിയ്ക്ക് മുൻകൂർ നൽകിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് - പദ്ധതി നം | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക(രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | ഇറയിൽ ആനക്കുളം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-39/19-20 | 165/ 11-10-19 | 4,00,000/- | 0 | 4,00,000/- |
| | കല്ലുവെട്ടാംകുഴി മുക്കാൽസെന്റ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -46/19-20 | 159/ 28-09-19 | 4,00,000/- | 2,84,517/- | 1,15,483/- |

| | | | | | |
|---|---|---|---|---|---|
| | താഴെ മീൻകുളം എസ് സി കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-49/19-20 | 169/ 15-10-19 | 2,00,000/- | 0 | 2,00,000/- |
| | ആയൂർ ജവഹർ എച്ച് എസ് അകമൺ കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -114/19-20 | 254/ 11-12-19 | 4,00,000/- | 3,55,439/- | 44,561/- |
| | അഞ്ചൽ ചീപ്പ് വയൽ കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -115/19-20 | 160/ 28-09-19 | 4,00,000/- | 3,32,862/- | 67,138/- |
| | ചില്ലിംഗ് പ്ലാന്റ് ഏലാമുറ്റം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ – 121/19-20 | 166/ 11-10-19 | 10,00,000/- | 7,23,354/- | 2,76,646/- |
| | മലമേൽ മാത്രർ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -134/19-20 | 5-10/ 05-04-19 | 6,93,995/- | 0 | 6,93,995/- |
| | പട്ടികജാതി സങ്കേതങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -135/19-20 | 11/ 05-04-19 | 15,20,000/- | 0 | 15,20,000/- |
| | ചോലത്തറ എസ് സി കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -190/19-20 | 317/ 03-01-20 | 3,20,000/- | 2,69,013/- | 50,987/- |
| | കാവുങ്കൽകാവ് -തൊണ്ടിയറ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -191/19-20 | 219/ 19-11-19 | 4,00,000/- | 2,76,189/- | 1,23,811/- |
| ആകെ | | | 57,33,995/- | 22,41,374/- | 34,92,621/- |

ചെലവഴിക്കാൻ ബാക്കിയുള്ള തുക 34,92,621/-രൂപ വാട്ടർ അതോറിറ്റിയിൽ നിന്ന് പലിശ സഹിതം തിരികെ ഈടാക്കാനായുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 34,92,621/-രൂപ

ഓഡിറ്റ് അന്വേഷണം – 04/25-02-2022

1-18 കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല.

2019-20 വർഷത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ ഇടമുളയ്ക്കൽ

ഗ്രാമപഞ്ചായത്തിലെ ഇടയം – മുതുവാനം വെള്ളൂർ റോഡ് റീടാറിംഗ് (SO 145/20) എന്ന പ്രവൃത്തിയ്ക്ക് അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം Packed Bitumen Rate അനുവദിച്ച് നൽകിയിരുന്നെങ്കിലും അവസാന ബിൽ തുക നൽകിയപ്പോൾ ഒഴിഞ്ഞ ബാരലുകളുടെ വില കരാറുകാരനിൽ നിന്നും ഈടാക്കിയിരുന്നില്ല. S 65 എന്ന ഇനം ബിറ്റുമെൻ 3162 കി.ഗ്രാമും RS 1 എന്ന ഇനം ബിറ്റുമെൻ 310 കി.ഗ്രാമും വിനിയോഗിച്ചിട്ടുണ്ട്. 22 ബാരലുകളുടെ വില 6,182/-രൂപ (281) കരാറുകാരൻ ശ്രീ.കെ.സത്യരാജൻ, 6,182/-രൂപ ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൌണ്ടിൽ ഒടുക്കവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 മരാമത്ത് പ്രവൃത്തി ഏറ്റെടുത്തു കരാർ വച്ചശേഷം പദ്ധതി ഉപേക്ഷിച്ചു :- സാഹചര്യവും തുടർനടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കണം.

ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൽ/ഫയലുകൾ പരിശോധിച്ചതിൽ 2019-20 വർഷത്തിൽ അസി.എഞ്ചിനീയറുടെ നിർവ്വഹണാധികാരത്തിൽ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ടെൻഡർ അംഗീകരിച്ച് കരാർവച്ചശേഷം തുടർനടപടികളുണ്ടായിട്ടില്ല എന്ന് കാണുന്നു.

1. ഏരൂർ പഞ്ചായത്തിലെ ഓലിയരുക് എരണ്ണൂർ കരിക്കം റോഡ് കോൺക്രീറ്റിംഗും സൈഡ് വാൾ നിർമ്മാണവും – പ്രോജക്ട് നമ്പർ 80/19-20.
അടങ്കൽ തുക- 4,15,277/-രൂപ (വികസന ഫണ്ട്-ജനറൽ)
പദ്ധതിയുടെ കരാറുകാരനായ ശ്രീ. അബ്ദുൾ മജീദ് എന്ന വ്യക്തി 02.11.2019 ൽ കരാർ വച്ചു. (കരാർ നം.11/AE/LSGD/ACL/19-20). തുടർന്ന് പദ്ധതി നടപ്പിൽ വരുത്തിയതായി രേഖയില്ല.
2. ആര്യങ്കാവ് പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ വനിതാ വിശ്രമകേന്ദ്രം നിർമ്മാണം – പ്രോജക്ട് നമ്പർ 187/19-20.
അടങ്കൽ തുക- 15,00,000/-രൂപ (വികസന ഫണ്ട്-ജനറൽ)
പദ്ധതിയുടെ കരാറുകാരനായ ശ്രീ. ദിലീപ് കുമാർ എന്ന വ്യക്തി 31.12.2019 ൽ കരാർ വച്ചു. (കരാർ നം.21/AE/LSGD/ACL/19-20). തുടർന്ന് പദ്ധതി നടപ്പിൽ വരുത്തിയതായി രേഖയില്ല.
3. കുളത്തുപ്പുഴ കല്ലുവെട്ടാംകുഴി - മുപ്പതടിപ്പാറ തോടിന് കോൺക്രീറ്റ് പാർശ്വഭിത്തി - പ്രോജക്ട് നമ്പർ 83/19-20.
അടങ്കൽ തുക- 5,00,000/-രൂപ (വികസന ഫണ്ട്-ജനറൽ)
പദ്ധതിയുടെ കരാറുകാരനായ ശ്രീ. അനീഷ്കുമാർ എന്ന വ്യക്തി 18.11.2019 ൽ കരാർ വച്ചു.(കരാർ നം.16/AE/LSGD/ACL/19-20). തുടർന്ന് പദ്ധതി നടപ്പിൽ വരുത്തിയതായി രേഖയില്ല.
4. അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് ആസ്ഥാനത്ത് ഡൈനിംഗ്ഹാൾ നിർമ്മാണം – പ്രോജക്ട് നമ്പർ 119/19-20.
അടങ്കൽ തുക- 7,00,000/-രൂപ (വികസന ഫണ്ട്-ജനറൽ)
പദ്ധതിയുടെ കരാറുകാരനായ ശ്രീ. ആരിഫ് മുഹമ്മദ് എന്ന വ്യക്തി 1.11.2019 ൽ കരാർ വച്ചു. (കരാർ നം.16/AE/LSGD/ACL/19-20). തുടർന്ന് പദ്ധതി നടപ്പിൽ വരുത്തിയതായി രേഖയില്ല.

മേൽ പദ്ധതികൾ സ്പിൽഓവർ പദ്ധതികളായി അംഗീകാരം വാങ്ങിയില്ല. ആയതുകൊണ്ടുതന്നെ അവ ഉപേക്ഷിക്കപ്പെട്ടതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരത്തിൽ ഉപേക്ഷിക്കപ്പെടാനുണ്ടായ സാഹചര്യവും, സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.16/28.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ടെന്റർ നടപടികൾ പൂർത്തീകരിച്ച് കരാറിലേർപ്പെട്ടശേഷം പദ്ധതികൾ ഉപേക്ഷിക്കേണ്ടിവന്ന സാഹചര്യം ഓഡിറ്റിന് വിശദീകരിക്കേണ്ടതാണ്.

1-20 പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റ് സ്ഥാപിക്കൽ : പദ്ധതി ലക്ഷ്യം കണ്ടില്ല.

പ്രോജക്ട് നമ്പർ : 128/20 പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റ് സ്ഥാപിക്കൽ
പദ്ധതി നിർവഹണ അധികാരി : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

2017-18 വർഷത്തിൽ 103/18 നമ്പറായി 30,00,000/-രൂപ വികസനഫണ്ട് പൊതു വിഭാഗത്തിൽ നിന്നും വകയിരുത്തി ആവിഷ്കരിച്ച പദ്ധതിയായിരുന്ന 'തെന്മല ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക് ഷ്രെഡിംങ് യൂണിറ്റ് സ്ഥാപിക്കൽ'.
ആകെ ചെലവ് – 20,91,252/-രൂപ
മെഷിനറികൾ സ്ഥാപിക്കുന്നതിനാവശ്യമായ കെട്ടിട നിർമ്മാണം, വൈദ്യുതീകരണ

പ്രവർത്തനങ്ങൾ, മെഷിനറികളുടെ സ്ഥാപിക്കൽ എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളായാണ് പദ്ധതി ആസൂത്രണം ചെയ്തിരുന്നത്.

പദ്ധതിയുടെ വിവിധഘട്ടങ്ങളുടെ നിർവഹണത്തിനായി ചുവടെ ചേർക്കും പ്രകാരം പദ്ധതി പണം ചെലവഴിച്ചിട്ടുണ്ട്.

1. ഷ്രേഡിങ് ആൻഡ് ബെയിലിങ് യൂണിറ്റുകളുടെ സ്ഥാപനം.

9,82,943/-രൂപ (ബിൽ നമ്പർ 41/31.01.2018)

2. കെട്ടിട നിർമ്മാണം

8,69,284/-രൂപ (4,92,160/-രൂപ: ബിൽ നമ്പർ 2/25.4.2019, 3,77,124/-രൂപ: ബിൽ നമ്പർ 5/7.9.2019)

3. വൈദ്യുതീകരണ പ്രവൃത്തികൾ 2,39,025/-രൂപ (ബിൽ നമ്പർ: 01/22.4.2020)

മേൽ പരാമർശിച്ച ചെലവുകൾക്ക് ഉപരിയായി ഷ്രേഡിങ് യൂണിറ്റിനും, ഷ്രേഡിങ് യൂണിറ്റിനോട് ചേർന്ന നിൽക്കുന്ന ഗ്യാസ് ക്രിമറ്റോറിയത്തിനും ത്രീ-ഫെയ്സ് ഇലക്ട്രിക് കണക്ഷൻ ലഭ്യമാക്കുന്നതിനായി കെ.എസ്.ഇ.ബി അസിസ്റ്റന്റ് എൻജിനീയർ, തെന്മല സെക്ഷൻ പേർക്ക് ഒടുക്കുവരുത്തിയ ഇനത്തിൽ 2,35,115/-രൂപയുടെയും (ബിൽ നമ്പർ 27/23. 3.19) ചെലവുണ്ട്.

പദ്ധതി ലക്ഷ്യം കൈവരിക്കാതെ നോക്കുകുത്തിയായി അവശേഷിക്കുന്നതായി ഓഡിറ്റ് നടത്തിയ പ്രാദേശിക പരിശോധനയിൽ വ്യക്തമായി. പദ്ധതിയുടെ വിവിധ ഘട്ടങ്ങളുടെ നടത്തിപ്പിൽ ഗുരുതരമായ അപാകതകൾ പദ്ധതി നിർവഹണ അധികാരിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ ഭാഗത്തുനിന്നും ഉണ്ടായതായി ഓഡിറ്റ് നിരീക്ഷിക്കുന്നു. പദ്ധതിയുടെ പേരിൽ ചെലവഴിച്ച തുകയിൽ 5,30,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. 4,52,943/-രൂപയുടെ ചെലവ് നിരകാരിക്കുകയും ചെയ്യുന്നു. വിശദ വിവരങ്ങൾക്ക് ഖണ്ഡിക 3-2 കാണുക.

1-21 മാർഗരേഖയ്ക്ക് വിരുദ്ധമായ ചെലവ് നിരാകരിക്കുന്നു.

പ്രോജക്ട് നം – 28/19-20

( സമർത്ഥരായ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ ധനസഹായം.)

ആകെ അടങ്കൽ – 25,00,000/-രൂപ, വികസന ഫണ്ട് എസ്.സി.പി.

ആകെ ചെലവ് - 12,65,000/-രൂപ

നിർവഹണ ഉദ്യോഗസ്ഥൻ – പട്ടികജാതി വികസന ഓഫീസർ

സംസ്ഥാന സർക്കാരോ, കേന്ദ്രസർക്കാരോ, സർക്കാരുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്ന എല്ലാത്തരം കോഴ്സുകളിലേയ്ക്കും യോഗ്യത നേടി പഠനം നടത്തിവരുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നൽകുന്ന പ്രസ്തുത പദ്ധതി പ്രകാരം പാർവതി റ്റി.എൽ, കോക്കാട്, തെക്കതിൽ വീട്, അഞ്ചൽ [ അക്കൗണ്ട് നമ്പർ 67247685156 - എസ്.ബി.ഐ. അഞ്ചൽ] എന്ന ഗുണഭോക്താവിന് ബിൽ നം.101/19-20 തീയതി 5.3.20 പ്രകാരം 30,000/-രൂപ ധനസഹായം ആയി നൽകിയിട്ടുണ്ട്. എന്നാൽ നിർവഹണ അധികാരികൾ ഹാജരാക്കിയ സാംഖ്യാ രേഖകൾ പ്രകാരം 2019-20 അക്കാദമിക് വർഷം തന്നെ ജില്ലാ പഞ്ചായത്തിൽ നിന്നും ഇതേ ആനുകൂല്യം പ്രസ്തുത ഗുണഭോക്താവിന് ലഭിച്ചതായി കണ്ടു. [UTR.No. - U000000760560504]

സർക്കാർ ഉത്തരവ് (കൈ) 22/2018/തസ്വഭവ തിരുവനന്തപുരം തീയതി 14-2-2018 -പ്രകാരം ഒരാൾക്ക് ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ, വകുപ്പിൽ നിന്നോ ധനസഹായത്തിന് അർഹതയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഒരാൾക്ക് ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്ന് ഒരേ

അക്കാദമിക്ക് വർഷം ധനസഹായം ലഭിക്കാനിടയായ സാഹചര്യം വിശദീകരിയ്ക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ജില്ലാ പഞ്ചായത്തിൽ നിന്നും ധനസഹായം ലഭിച്ച സാഹചര്യത്തിൽ ബ്ലോക്കിൽ നിന്നും അനുവദിച്ച ധനസഹായം 30,000/-രൂപ തിരിച്ചടയ്ക്കാൻ ഗുണഭോക്താവിന് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത തുക യഥാഫണ്ടിൽ ഒടുക്കുവരുത്തി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 9/25-2-22

1-22 വിതരണം ചെയ്യാത്ത കട്ടിലുകളുടെ വില 47,850/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

പ്രോജക്ട് നം - 140/19-20 (സ്പിൽ ഓവർ.)

വയോജനങ്ങൾക്ക് കട്ടിൽ

ആകെ അടങ്കൽ – 8,70,000/- രൂപ (വികസന ഫണ്ട്-എസ്.സി.പി

ആകെ ചെലവ് - 8,67,431/-രൂപ

നിർവഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

ബിൽ/തീയതി - UTR No - U0000006633958 തീയതി- 10.5.19 – തുക- 6,52,500/-രൂപ

ബിൽ/തീയതി-UTR. No- U000000754950926 തീയതി - 20.1.20 – തുക- 2,14,913/-രൂപ

വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ എന്ന പദ്ധതി പ്രകാരം ആകെ 200 കട്ടിലുകൾ യൂണിറ്റ് ഒന്നിന് 4,350/-രൂപ നിരക്കിൽ SIDCO യിൽ നിന്ന് വാങ്ങി (ഇൻവോയ്സ് നം.CLTVM/215/16.03.20). എന്നാൽ വിതരണ രജിസ്റ്റർ, ഫയലുകൾ, അനുബന്ധ രേഖകൾ ഇവ പരിശോധിച്ചതിൽ, ആകെ 189 കട്ടിലുകൾ മാത്രമേ വിതരണം നടത്തിയിട്ടുള്ളൂ. നിർവഹണ അധികാരികളുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് - RGSA ബ്ലോക്ക് റിസോഴ്സ് സെന്റർ കെട്ടിടത്തിൽ 12 കട്ടിലുകൾ സൂക്ഷിച്ചിരിയ്ക്കുന്നതായി കണ്ടു. ആയതിന്റെ വിശദവിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, വിതരണം നടത്താൻ അവശേഷിച്ചിരുന്ന കട്ടിലുകളിൽ ഒരു കട്ടിൽ 28.2.22 തീയതിയിൽ വിതരണം നടത്തിയതിന്റെ വിവരവും ഇനി വിതരണം നടത്താൻ അവശേഷിക്കുന്ന 11 കട്ടിലുകൾ എത്രയും വേഗം വിതരണം നടത്തുന്നതാണെന്ന മറുപടിയും ലഭ്യമാക്കി. 2019-20 സാമ്പത്തിക വർഷം വാങ്ങൽ നടത്തിയ കട്ടിലുകൾ യഥാസമയം അർഹരായ, സമൂഹത്തിൽ അവശത അനുഭവിക്കുന്ന ജനവിഭാഗത്തിന് നല്കാതിരുന്നത് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുണ്ടായ കൃത്യവിലോപമാണ്. ആയതിനാൽ നാളിതുവരെയും വിതരണം നടത്താത്ത 11 കട്ടിലുകളുടെ വിലയായ 11 X 4350 = 47,850/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. അർഹരായ ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം നടത്തി പദ്ധതി പൂർത്തീകരിച്ച് രേഖകൾ സഹിതം വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 47,850/-രൂപ

ഓഡിറ്റ് എൻക്വയറി നം-12/26-2-22

1-23 ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ - പദ്ധതികൾ ഒന്നുംതന്നെ നടപ്പിലാക്കിയില്ല.

2019-20 സാമ്പത്തികവർഷം അഞ്ചൽ ബ്ലോക്ക്പഞ്ചായത്തിലെ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 4 പദ്ധതികൾക്കാണ് രൂപം നൽകിയിരുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | അടങ്കൽ തുക (രൂപ) | ചെലവ് |
|---|---|---|---|
| 1 | വനിതകൾക്ക് ഓട്ടോ റിക്ഷ വാങ്ങൽ | 30,00,000/- | 0 |
| 2 | സംരംഭഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് | 10,00,000/- | 0 |

| | | | |
|---|---|---|---|
| 3 | ലാബ് ടെക്നീഷ്യൻമാരുടെ ഗ്രൂപ്പുകൾക്ക് ലാബ് സംരംഭം ആരംഭിക്കുന്നതിന് സബ്സിഡി | 24,00,000/- | 0 |
| 4 | സംരംഭ ഗ്രൂപ്പുകൾക്ക് പരിശീലനവും യൂണിറ്റ് രൂപീകരണം | 10,96,560/- | 0 |
| | ആകെ | 74,96,560/- | |

മേൽ പറഞ്ഞ പദ്ധതികളുടെ ലക്ഷ്യം സമൂഹത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വ്യക്തികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സംരംഭ ഗ്രൂപ്പുകൾക്ക് പരിശീലനവും യൂണിറ്റ് രൂപീകരണത്തിന് ആവശ്യമായ സഹായം നൽകലും, സംരംഭഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് വിതരണം ചെയ്യൽ എന്നിവയായിരുന്നു. മേൽ പറഞ്ഞ പദ്ധതികൾ കൃത്യമായി നടപ്പിലാക്കിയിരുന്നവെങ്കിൽ ഈ പദ്ധതികളിലെ ഗുണഭോക്താക്കളുടെ സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിനും പ്രാദേശിക സാമ്പത്തിക വികസനത്തിനും ഉപകരിക്കുമായിരുന്നു.

2019-20 സാമ്പത്തികവർഷം മേൽ പറഞ്ഞ പദ്ധതികളിൽ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 4 പദ്ധതികളിലായി 74,96,560/-രൂപ അടങ്കൽ വെച്ചിരുന്നെങ്കിലും ഒരു രൂപ പോലും ചെലവാക്കിയിട്ടില്ല. ഇത് സംബന്ധിച്ച നിർവ്വഹണോദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1/24-02-2022) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. പ്രാദേശിക സാമ്പത്തിക വികസനം ഉറപ്പാക്കുന്ന പദ്ധതികൾ വിഭാവനചെയ്യുകയും അത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥന് ബ്ലോക്ക്പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച് കൈമാറിയ ഗുണഭോക്തൃലിസ്റ്റ് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതും പദ്ധതി കൃത്യമായി നടപ്പിലാക്കുന്നുണ്ടോ എന്ന് മേൽനോട്ടം നടത്തേണ്ടത് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ബ്ലോക്ക്പഞ്ചായത്ത് ഭരണസമിതിയുടേയും ഉത്തരവാദിത്വമാണ്. ഇത് സംബന്ധിച്ച് സെക്രട്ടറിയ്ക്ക് രേഖാമൂലം നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/28-02-2022) മറുപടി ലഭ്യമാക്കിയില്ല.

സമൂഹത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വ്യക്തികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും പ്രാദേശിക സാമ്പത്തിക വികസനത്തിനും ഉപകരിക്കുമായിരുന്ന മേൽ പറഞ്ഞ പദ്ധതികൾ നടപ്പിലാക്കാതിരുന്നതിന് നിർവ്വഹണോദ്യോഗസ്ഥനും ബ്ലോക്ക്പഞ്ചായത്ത് ഭരണസമിതിയും ഒരേപോലെ ഉത്തരവാദികളാണ്. പ്രാദേശിക സാമ്പത്തിക വികസനത്തിന് ഉപകരിക്കുമായിരുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ബ്ലോക്ക്പഞ്ചായത്ത് ഭരണസമിതിയുടേയും അടിയന്തിര ശ്രദ്ധയുണ്ടാവേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർക്കും, ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർക്കും പ്രത്യേക കത്തുകൾ നൽകിയിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1-24 പത്രങ്ങളിൽ പരസ്യങ്ങൾക്ക് ഡിസ്കൗണ്ട് ലഭിച്ചില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പത്രങ്ങളിൽ പരസ്യങ്ങൾ നൽകുമ്പോൾ ഗവൺമെന്റ് ഉത്തരവ് G.O.(Rt) No.288/14/ I & PRD Dated 10-9-14 പ്രകാരം 15 ശതമാനം ഡിസ്കൗണ്ടിന് അർഹതയുണ്ട്. എന്നാൽ ബ്ളോക്ക് പഞ്ചായത്ത് 2019-20 സാമ്പത്തിക വർഷം പത്രങ്ങളിൽ പരസ്യം നൽകിയപ്പോൾ ചില ബില്ലുകളിൽ ഈ ആനുകൂല്യം പ്രയോജനപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പത്രം/ ഇൻവോയിസ് നമ്പർ | ചെക്ക് നമ്പർ, തീയതി | ബിൽ തുക (രൂപ) |
|---|---|---|---|
| 1 | ജനയുഗം, 2019050085/8/5/2019 | 0530778/8-5-2019 | 5,504/- |
| 2 | ജനയുഗം, 2019050281/24/5/2019 | 2171982/21-06-2019 | 4,816/- |
| 3 | ജനയുഗം, 2019060273/14/6/2019 | 2171990/23-07-2019 | 5,504/- |

| | | | |
|---|---|---|---|
| 4 | കേരളകൌമുദി, Blqn00142793/6/9/2019 | 3655754/31-10-2019 | 8,400/- |
| 5 | കേരളകൌമുദി, Blqln00143090/17/9/2019 | 3655754/31-10-2019 | 8,400/- |
| 6 | ജനയുഗം, 2019100232/17/10/2019<br>ജനയുഗം, 2019100112/10/10/2019<br>ജനയുഗം, 2019110103/07/11/2019 | 2927027/26-12-2019 | 4,816/-<br>4,128/-<br>3,440/- |
| 7 | കേരളകൌമുദി, Blqsc146640/22/01/20<br>കേരളകൌമുദി, Blqln00145521/17/01/20 | 2040755/14-02-2020 | 7,000/-<br>8,400/- |
| 8 | കേരളകൌമുദി, Blqln00145556/30/01/20<br>കേരളകൌമുദി, Blqln00145764/06/02/20<br>കേരളകൌമുദി, Qlnsch1147376/14/02/20 | 2040759/10-03-2020 | 7,000/-<br>7,000/-<br>9,800/- |
| | | ആകെ | 51,440/- |

പത്രങ്ങളിൽ തുടർന്ന് പരസ്യം നൽകുന്ന വേളയിൽ മേൽ പറഞ്ഞ ബില്ലുകളിൽ നിന്നും ലഭിക്കേണ്ടിയിരുന്ന 15 ശതമാനം ഡിസ്കൗണ്ട് ക്രമീകരിച്ചതിന് ശേഷമേ ബിൽ തുക നൽകാവു. ഡിസ്കൗണ്ട് ക്രമീകരിച്ചതിന്റെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-25 ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.

നിർവഹണോദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

1) പദ്ധതി നം - 151/21
പഠനമുറിനിർമ്മാണത്തിന് തുക വകയിരുത്തൽ

അടങ്കൽ- 1,50,000/-രൂപ(വികസന ഫണ്ട്.എസ്.സി.പി)

ചെലവ് തുക – 50,000/-രൂപ (ബിൽ നം. U000000739884392/തീയതി. 29.11.2019)

2) പദ്ധതി നം- 159/21
പട്ടികജാതി കുടുംബങ്ങളുടെ വിവര ശേഖരണം
അടങ്കൽ - 1,60,840/-രൂപ(വികസന ഫണ്ട്.എസ്.സി.പി)

ചെലവ് തുക– 22,930/-രൂപ (ബിൽ നം. UTR U000000762066888/തീയതി. 12.02.2020)

പട്ടികജാതി വികസന ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായ മേൽപറഞ്ഞ പദ്ധതികൾ സംബന്ധിച്ച ഫയൽ, അപേക്ഷകൾ, ചെലവു രേഖകൾ ഇവ ഒന്നും തന്നെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് റിക്വസിഷന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതുവരെ പ്രസ്തുത പദ്ധതികൾ പ്രകാരം ചെലവഴിച്ച 72,930/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

തടസ്സപ്പെടുത്തിയ തുക – 72,930/-രൂപ
ഓഡിറ്റ് റിക്വസിഷൻ നം-1/19-20, 28.2.22

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഗ്യാസ് ക്രിമറ്റോറിയത്തിന് ഫർണസ്, ജനറേറ്റർ സ്ഥാപിക്കൽ - 1,68,000/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

പ്രോജക്ട് നമ്പർ – 163/2019-20
ഗ്യാസ് ക്രിമറ്റോറിയത്തിന് ഫർണസ്, ജനറേറ്റർ സ്ഥാപിക്കൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
അടങ്കൽ തുക – 33,27,840/-രൂപ (വികസനഫണ്ട് – ജനറൽ)
ചെലവ് തുക – 32,52,810/-രൂപ (ബിൽ നം.149/17.9.19)

2019-20 കാലയളവിൽ 'ഗ്യാസ് ക്രിമറ്റോറിയത്തിന് ഫർണസ്, ജനറേറ്റർ സ്ഥാപിക്കൽ' എന്ന പദ്ധതിനിർവഹണത്തിനായി SIDCO-യുമായി കരാറിലേർപ്പെട്ടു. 2019 ആഗസ്റ്റ് 5ന് സിഡ്കോ ലഭ്യമാക്കിയ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 32,52,810/-രൂപ (ബിൽ നം 150/17-09-2019) സിഡ്കോയ്ക്ക് നല്കി. പദ്ധതി പൂർത്തീകരിച്ചതിന് ശേഷം SIDCO ലഭ്യമാക്കിയ രേഖകൾ പ്രകാരം ആകെ 30,84,810/-രൂപയുടെ നിർമ്മാണപ്രവൃത്തികൾ മാത്രമാണ് നടത്തിയിട്ടുള്ളത്. അവശേഷിക്കുന്ന 1,68,000/-രൂപയുടെ ചെലവ് സാധൂകരിക്കുന്ന യാതൊരു രേഖകളും ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ 1,68,000/-രൂപ തിരികെ ലഭ്യമാക്കേണ്ടിയിരുന്നു. 02-03-2022 ന് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ പരിശോധനയിൽ Tax Invoice-ൽ പ്രതിപാദിച്ചിരിക്കുന്ന 30,84,810/-രൂപയുടെ നിർമ്മാണപ്രവൃത്തികൾ മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് ബോദ്ധ്യപ്പെട്ടു. SIDCO യ്ക്ക് മുൻകൂറായി നല്കിയ 32,52,810/-രൂപയിൽ 30,84,810/-രൂപ ഒഴികെ 1,68,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപെട്ട പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണത്തിനായി സംസ്ഥാന ശുചിത്വമിഷൻ SIDCO യെ ഔദ്യോഗിക അക്രഡിറ്റഡ് ഏജൻസിയായി തെരഞ്ഞെടുത്തിട്ടില്ല. GO(P)No 77/2019 Fin Dated 4-7-2019 പ്രകാരം General Civil Construction Works Of Government Departments Other Than PWD As PMC മാത്രമാണ് SIDCO യിൽ നിക്ഷിപ്തമാക്കിയിട്ടുള്ളത്.
2. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട Detailed Estimate ഇല്ലാതെയാണ് Proforma Invoice ന്റെ അടിസ്ഥാനത്തിൽ മാത്രം മുൻകൂറായി 32,52,810/-രൂപ നല്കിയത്.
3. പദ്ധതി നിർവഹണപുരോഗതി വിലയിരുത്തുന്നതിനായുള്ള അളവ് പുസ്തകമോ, ഏജൻസി അംഗീകരിച്ച മറ്റ് രേഖകളോ ഇല്ല. ഇതിനാൽ തന്നെ പ്രവൃത്തിയുടെ പൂർത്തീകരണമൂല്യം വ്യക്തമല്ല. പ്രവൃത്തി പൂർണ്ണമായതായുള്ള ധനവിനിയോഗപത്രം മാത്രമാണ് SIDCO ലഭ്യമാക്കിയത്.
4. ക്രിമറ്റോറിയം നിർമ്മാണപൂർത്തീകരണവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിലെ മരാമത്ത് വിഭാഗത്തിന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ട് സെക്രട്ടറി കത്ത് നല്കിയെങ്കിലും മരാമത്ത് വിഭാഗത്തിന്റെ ഭാഗത്തുനിന്നും റിപ്പോർട്ടുകൾ ഒന്നുംതന്നെ ലഭ്യമായില്ല. ഈ സാഹചര്യത്തിൽ 28-07-2021 ലെ 02/2021 നം കത്ത് മുഖേന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ക്രിമറ്റോറിയം പ്രവർത്തനക്ഷമമാണെന്നും എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചതായും സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുണ്ട്.
5. SIDCO ലഭ്യമാക്കിയ Tax Invoice, Utilisation Certificate എന്നിവ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ഇതിൽ 1,68,000/-രൂപ ഏത് പ്രവൃത്തിയ്ക്കാണ് വിനിയോഗിച്ചിട്ടുള്ളത് എന്നതിന് ഉപോത്ബലകമായ രേഖകൾ ലഭ്യമല്ല. പ്രവൃത്തിയുടെ അന്തിമബിൽ നിർവഹണം നടത്തിയ

ഉദ്യോഗസ്ഥൻ പരിശോധന നടത്തി ധനവിനിയോഗസാക്ഷ്യപത്രത്തിന്റെ സാംഗത്യം ഉറപ്പുവരുത്തിയതായി കാണുന്നില്ല.
6. ഭരണതല സംവിധാനങ്ങളുടെ കൃത്യമായ തുടർനിരീക്ഷണങ്ങളുടെ അപര്യാപ്തത പദ്ധതിച്ചെലവുകളിലെ സുതാര്യതയില്ലായ്മ, അധികച്ചെലവ് എന്നിവയ്ക്ക് കാരണമാകും.
ക്രിമറ്റോറിയം നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള എല്ലാ രേഖകളും ലഭ്യമാക്കി SIDCO ഹാജരാക്കിയ ധനവിനിയോഗസാക്ഷ്യപത്രത്തിന്മേൽ ഉചിതമായ ഭരണതല നടപടികൾ സ്വീകരിക്കേണ്ടതാണ്.
നിരാകരിക്കുന്ന തുക – 1,68,000/-രൂപ
ഓഡിറ്റ് അന്വേഷണം- 5/25-02-2022

## 3-2 പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റ് സ്ഥാപിക്കൽ : പദ്ധതി ലക്ഷ്യം കണ്ടില്ല.

പ്രോജക്റ്റ് നമ്പർ : 128/20 പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റ് സ്ഥാപിക്കൽ
പദ്ധതി നിർവഹണ അധികാരി : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
2017-18 വർഷത്തിൽ 103/18 നമ്പറായി 30,00,000/-രൂപ വികസനഫണ്ട് പൊതു വിഭാഗത്തിൽ നിന്നും വകയിരുത്തി ആവിഷ്കരിച്ച പദ്ധതിയായിരുന്ന 'തെന്മല ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റ് സ്ഥാപിക്കൽ'.
ആകെ ചെലവ് – 20,91,252/-രൂപ
മെഷിനറികൾ സ്ഥാപിക്കുന്നതിനാവശ്യമായ കെട്ടിട നിർമ്മാണം, വൈദ്യുതീകരണ പ്രവർത്തനങ്ങൾ, മെഷിനറികളുടെ സ്ഥാപിക്കൽ എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളായാണ് പദ്ധതി ആസൂത്രണം ചെയ്തിരുന്നത്.
പദ്ധതിയുടെ വിവിധഘട്ടങ്ങളുടെ നിർവഹണത്തിനായി ചുവടെ ചേർക്കും പ്രകാരം പദ്ധതി പണം ചെലവഴിച്ചിട്ടുണ്ട്.
1. ഷ്രെഡിങ് ആൻഡ് ബെയിലിങ് യൂണിറ്റുകളുടെ സ്ഥാപനം.
9,82,943/-രൂപ (ബിൽ നമ്പർ 41/31.01.2018)
2. കെട്ടിട നിർമ്മാണം
8,69,284/-രൂപ (4,92,160/-രൂപ: ബിൽ നമ്പർ 2/25.4.2019, 3,77,124/-രൂപ: ബിൽ നമ്പർ 5/7.9.2019)
3. വൈദ്യുതീകരണ പ്രവൃത്തികൾ 2,39,025/-രൂപ (ബിൽ നമ്പർ: 01/22.4.2020)
മേൽ പരാമർശിച്ച ചെലവുകൾക്ക് ഉപരിയായി ഷ്രെഡിങ് യൂണിറ്റിനും, ഷ്രെഡിങ് യൂണിറ്റിനോട് ചേർന്നു നിൽക്കുന്ന ഗ്യാസ് ക്രിമറ്റോറിയത്തിനും ത്രീ-ഫെയ്സ് ഇലക്ട്രിക് കണക്ഷൻ ലഭ്യമാക്കുന്നതിനായി കെ.എസ്.ഇ.ബി അസിസ്റ്റന്റ് എൻജിനീയർ, തെന്മല സെക്ഷൻ പേർക്ക് ഒടുക്കുവരുത്തിയ ഇനത്തിൽ 2,35,115/-രൂപയുടെയും (ബിൽ നമ്പർ 27/23. 3.19) ചെലവുണ്ട്.
പദ്ധതി ലക്ഷ്യം കൈവരിക്കാതെ നോക്കുകുത്തിയായി അവശേഷിക്കുന്നതായി ഓഡിറ്റ് നടത്തിയ പ്രാദേശിക പരിശോധനയിൽ വ്യക്തമായി. പദ്ധതിയുടെ വിവിധ ഘട്ടങ്ങളുടെ നടത്തിപ്പിൽ ഗുരുതരമായ അപാകതകൾ പദ്ധതി നിർവഹണ അധികാരിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ ഭാഗത്തുനിന്നും ഉണ്ടായതായി ഓഡിറ്റ് നിരീക്ഷിക്കുന്നു.
1. അവസാന ഘട്ടമായി ചെയ്യേണ്ട പ്രവർത്തനങ്ങൾ ആദ്യഘട്ടത്തിൽ ചെയ്തു.
പ്ലാസ്റ്റിക് ഷ്രെഡിങ് മെഷീൻ യൂണിറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അക്രഡിറ്റഡ് ഏജൻസിയായ 'ക്ലീൻ കേരള കമ്പനി'യുടെ പ്രോജക്റ്റ് അംഗീകരിക്കുന്നതിനും, എഗ്രിമെന്റ് വച്ച് 9,82,943/-രൂപ ഡെപ്പോസിറ്റ് ചെയ്യുന്നതിനുമുള്ള അനുമതി ആവശ്യപ്പെട്ട് 25.01.2018-ൽ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ AB/GL/17 നമ്പരായി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിക്ക് കുറിപ്പ് നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ, ക്ലീൻ കേരള കമ്പനിക്ക് 9,82,943/-രൂപ ഡെപ്പോസിറ്റ് ചെയ്ത് സമയബന്ധിതമായി പദ്ധതി നിർവഹണം പൂർത്തീകരിക്കാൻ 27.1.2018-ലെ

VI(2) തീരുമാനപ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 30.01.2018-ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ക്ലീൻ കേരള കമ്പനിയുമായി എഗ്രിമെന്റ് വയ്ക്കുകയും (എഗ്രിമെന്റ് നമ്പർ 35/AEE/LSGD/17-18) ക്ലീൻ കേരള കമ്പനിയുടെ 30.01.18-ലെ പെർഫോമ ഇൻവോയ്സ് നമ്പർ 80/17-18 പ്രകാരമുള്ള 9,82,943/-രൂപ 31.01.18 ൽ ക്ലീൻ കേരള കമ്പനിക്ക് മാറി നൽകുകയും ചെയ്തു. എന്നാൽ പ്ലാസ്റ്റിക് ഷ്രെഡിങ് മെഷിനറികൾ സ്ഥാപിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനെപ്പറ്റി ധാരണയില്ലാതെയായിരുന്നു നിർവ്വഹണ ഉദ്യോഗസ്ഥൻ മുൻകൂർ തുക നൽകിയതെന്ന് തുടർന്നുള്ള പദ്ധതി പ്രവർത്തനങ്ങളിൽനിന്നും വ്യക്തമാകുന്നു. മെഷിനറികൾ സ്ഥാപിക്കുന്നതിനാവശ്യമായ കെട്ടിട നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചിരിക്കുന്നത് 29.7.2019 ലും, വൈദ്യുതീകരണത്തിന്റെ ഭാഗമായുള്ള വയറിങ് പ്രവർത്തികൾ പൂർത്തീകരിച്ചിരിക്കുന്നത് 10.2.20-ലുമാണെന്ന് ഫയൽ പരിശോധിച്ചതിൽ കാണാൻകഴിഞ്ഞു. ത്രീഫേസ്-വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനായി 23.03.19ൽ തുക കെ.എസ്.ഇ.ബി-യ്ക്ക് ഒടുക്കുവരുത്തിയെങ്കിലും, തുകയുടെ വിനിയോഗ സാക്ഷ്യപത്രവും പ്രവൃത്തിപൂർത്തീകരണ സാക്ഷ്യപത്രവും വാങ്ങിയിട്ടില്ലാത്തതിനാൽ വൈദ്യുതി കണക്ഷൻ എന്നാണ് ലഭ്യമായത് എന്നോ, എത്ര രൂപ ചെലവ് വന്നുവെന്നോ വ്യക്തമല്ല.

2. ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഗുരുതര വീഴ്ച.

ക്ലീൻ കേരള കമ്പനിയുമായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒപ്പുവച്ചിരുന്ന കരാർ നിബന്ധനകളിൽ 6-ാം നമ്പർ ആയി 'The Company Shall Provide Warranty For The Machinery For One Year From The Date Of Invoice And Maintenance Free Of Cost' എന്ന നിബന്ധന വെച്ചിരുന്നു. എന്നാൽ കെട്ടിടം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും മെഷിനറികൾ സപ്ലൈ ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ച് ക്ലീൻ കേരള കമ്പനിക്ക് അസിസ്റ്റന്റ് എൻജിനീയർ കത്ത് നൽകിയിരിക്കുന്നത് 29.2.20 ൽ മാത്രമാണ്. (കത്ത് നമ്പർ: AB.Gen/AEE/LSGD/ACL/20 Dtd.29.02.2020). കെട്ടിടം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിനൽകിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മെഷിനറികൾ സപ്ലൈ ചെയ്തിട്ടുള്ളതാണ് എന്നും, ബെയിലിംങ് മെഷീന്റെ വിലയിൽ 66,429/- രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ടെന്നും ആയത് വാങ്ങുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് താല്പര്യമുണ്ടോ എന്ന വിവരം അറിയിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ക്ലീൻ കേരള കമ്പനി ലിമിറ്റഡ് 28.01.20-ൽത്തന്നെ കത്ത് നൽകിയിരുന്നതായും കാണുന്നു.

തുടർന്ന് തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പിന്റെ 25.2.20-ലെ (ആർ.ടി) 469/2020 നമ്പർ ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ഷ്രെഡിങ് മെഷീൻ ഒഴിവാക്കി, ക്ലീൻ കേരള കമ്പനി ആവശ്യപ്പെട്ട പുതുക്കിയ വിലയായ 5,30,000/-രൂപ നൽകി ബെയിലിങ് മെഷീൻ മാത്രം സ്ഥാപിക്കുന്നതിനും, നിക്ഷേപതുകയിൽ ശേഷിക്കുന്ന തുക തിരികെ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി സബ് ഡിവിഷൻ അഞ്ചലിനെ ചുമതലപ്പെടുത്തിക്കൊണ്ട് 26.5.20 ലെ II(1) നമ്പറായി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തു. എന്നാൽ ഷ്രെഡിങ് യൂണിറ്റ് ഒഴിവാക്കി ബെയിലിങ് യൂണിറ്റ് മാത്രം സ്ഥാപിച്ച് ശേഷിക്കുന്ന തുക ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് ക്ലീൻ കേരള കമ്പനിക്ക് കത്ത് നൽകിയത് 12.10.20-ൽ മാത്രമാണ്.

ഫലത്തിൽ, സമയബന്ധിതമായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകാത്തതുമൂലം

ബെയിലിങ് മെഷീൻ വില വർദ്ധനവ് ഇനത്തിലുള്ള 66,429/-രൂപയുടെ അധികച്ചെലവ് നേരിടേണ്ടിവന്നു. നീക്കിയിരിപ്പുള്ള 4,52,943/-രൂപ നാളിതുവരെ (03-03-2022) ക്ലീൻ കേരള കമ്പനിയിൽ നിന്നും തിരികെ ലഭ്യമാക്കിയിട്ടുമില്ല.

ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയറുടെ സാന്നിധ്യത്തിൽ 02.03.2022ന് ഓഡിറ്റ് നടത്തിയ സ്ഥല പരിശോധനയിൽ പദ്ധതിപ്രകാരം സ്ഥാപിച്ചിട്ടുള്ള പ്ലാസ്റ്റിക് ബെയിലിങ് യൂണിറ്റ് പ്രവർത്തനക്ഷമമല്ല എന്നും, ആയതുകൊണ്ടുതന്നെ, പ്ലാസ്റ്റിക് സംഭരണത്തിനായുള്ള കെട്ടിടവും ബെയിലിങ് മെഷീൻ സ്ഥാപിച്ചിട്ടുള്ള കെട്ടിടവും വേസ്റ്റ് പ്ലാസ്റ്റിക് നിറച്ച ചാക്ക് കെട്ടുകളാൽ തിക്കിനിറഞ്ഞുകവിയുന്ന അവസ്ഥയിലും കാണപ്പെട്ടു. സ്ഥാപിക്കപ്പെട്ടിട്ടുള്ള ബെയിലിങ് മെഷീൻ നാളിതുവരെ പ്രവർത്തിച്ചിട്ടില്ല എന്ന് അവിടെയുണ്ടായിരുന്ന ഹരിതകർമ്മസേന പ്രവർത്തകർ ഓഡിറ്റിനെ വാക്കാലറിയിക്കുകയും ചെയ്തിട്ടുണ്ട്.



ബെയിലിംഗ് യൂണിറ്റ് ഇൻസ്റ്റലേഷൻ തീയതി, കമ്മീഷൻ ചെയ്ത തീയതി, പ്രവർത്തനക്ഷമത ഉറപ്പുവരുത്തിയ ബെയിലിംഗ് യൂണിറ്റ് തെന്മല ഗ്രാമപഞ്ചായത്തിന് കൈമാറിയതിന്റെ രേഖകൾ എന്നിവ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. ബെയിലിംഗ് യൂണിറ്റ് ഉപയോഗിച്ച് പരീക്ഷണാർത്ഥംപോലും ബെയിലിങ് നടത്തിയിട്ടുള്ളതായി തെളിയിക്കുന്ന യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല. കരാർ കാലാവധിയ്ക്കകം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകാത്തതിനാൽ, സ്ഥാപിക്കപ്പെട്ട മെഷീൻ പ്രവർത്തനസജ്ജമാക്കുക എന്ന ചുമതല ക്ലീൻ കേരള കമ്പനിയിൽ നിക്ഷിപ്തമാക്കുന്ന കരാർ വ്യവസ്ഥകൾ നിലനിൽക്കുന്നില്ല.

മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ നിന്നും ബെയിലിങ് യൂണിറ്റ് പ്രവർത്തനസജ്ജമാക്കുക എന്ന കാര്യം തികച്ചും അനിശ്ചിതത്വത്തിൽ ആണെന്ന് നിരീക്ഷിക്കുന്നു. ഇതിന്റെ പൂർണ്ണ ഉത്തരവാദിത്വം ബ്ലോക്ക് പഞ്ചായത്ത് അധികാരികൾക്ക് തന്നെയാണ്.

3. ആസൂത്രണ പിഴവും കൃത്യവിലോപങ്ങളും.

അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകാൻ കാലതാമസം ഉണ്ടായതിന് കാരണമായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വിശദീകരിക്കുന്നത് (23.02.22-ലെ ഓഡിറ്റ് എൻക്വയറി നം.1 ന്റെ മറുപടി) തെന്മല ഗ്രാമപഞ്ചായത്ത് മാർക്കറ്റിനോട് അനുബന്ധമായാണ് പ്ലാസ്റ്റിക് ഷ്രെഡിംങ് യൂണിറ്റ് സ്ഥാപിക്കാൻ നിശ്ചയിച്ചിരുന്നത് എന്നും, എന്നാൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്ന വേളയിൽ നാട്ടുകാരുടെ ഭാഗത്തുനിന്നും എതിർപ്പുണ്ടായി എന്നും തുടർന്ന് നിലവിൽ പ്ലാസ്റ്റിക് ബെയിലിങ് യൂണിറ്റ് സ്ഥാപിച്ചിട്ടുള്ള പ്രദേശം കണ്ടെത്തി നൽകുന്നതിൽ തെന്മല ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും കാലതാമസമുണ്ടായി എന്നും, അതിനാലാണ് നിർമ്മാണപ്രവർത്തനങ്ങൾ വൈകിയതെന്നുമാണ്. പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കൽ പോലെയുള്ള പ്രാദേശിക പാരിസ്ഥിതിക ആഘാതങ്ങൾ ഉണ്ടാക്കിയേക്കാവുന്ന പദ്ധതികൾ നടപ്പിൽ വരുത്താൻ ശ്രമിക്കുമ്പോൾ പ്രാദേശിക ജനകീയ എതിർപ്പുകൾ സ്വാഭാവികമാണ്. ഇത്തരം സാധ്യതകളെപ്പറ്റി ചിന്തിക്കാതെയും, വേണ്ട മുന്നൊരുക്കങ്ങളും സാധ്യതാ പഠനങ്ങളും നടത്താതെയും പദ്ധതി പണം നിക്ഷേപിച്ച് പുറംകരാർ നൽകുന്നതിൽ മാത്രം പദ്ധതി പ്രവർത്തനം ഒതുക്കിയ പദ്ധതി നിർവഹണ അധികാരിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത് ഗുരുതരമായ ആസൂത്രണ പിഴവും കൃത്യവിലോപങ്ങളുമാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. പൊതുപ്പണം കൈകാര്യംചെയ്യുമ്പോൾ പുലർത്തേണ്ട ജാഗ്രത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറിൽനിന്ന് ഉണ്ടായിട്ടില്ല. പദ്ധതി പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിലും പദ്ധതിതുകയുടെ വിനിയോഗം നിരീക്ഷിക്കുന്നതിനും ബന്ധപ്പെട്ട സ്റ്റാൻഡിങ് കമ്മിറ്റികളുടെയും, ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടേയും ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് കണക്കാക്കുന്നു. പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും കാര്യക്ഷമമായ ഇടപെടലും മേൽനോട്ടങ്ങളും ഉത്തരവാദപ്പെട്ട ജനപ്രതിനിധികളുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതുണ്ട്.

ത്രീഫേസ് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനായി കെ.എസ്.ഇ.ബി തെന്മല സെക്ഷനിലൊടുക്കുവരുത്തിയിട്ടുള്ള തുകയുടെ വിശദമായ വിനിയോഗസാക്ഷ്യപത്രവും, കെ.എസ്.ഇ.ബി ഏറ്റെടുത്ത പ്രവർത്തനങ്ങളുടെ പൂർത്തീകരണ സാക്ഷ്യപത്രവും വാങ്ങി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ക്ലീൻ കേരള കമ്പനിയിൽ ആകെ ഒടുക്കു വരുത്തിയ 9,82,943/- രൂപയിൽ, പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം ബെയിലിങ് യൂണിറ്റിന്റെ വിലയിനത്തിൽ വകയിരുത്തിയ 5,30,000/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സം ചെയ്യുന്നു. ബെയിലിങ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കി, അതു സംബന്ധമായ റിപ്പോർട്ട്, ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ ശുപാർശ സഹിതം ഓഡിറ്റിന് ലഭ്യമാക്കി, ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

കൂടാതെ, ക്ലീൻ കേരള കമ്പനിയിൽ നിന്നും തിരികെ ലഭിക്കാനുള്ള 4,52,943/-രൂപ തിരികെ ലഭ്യമാക്കുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചതായി രേഖകളില്ല എന്നതിനാൽ, പ്രസ്തുത തുക അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ വ്യക്തിഗത ബാദ്ധ്യതയായി ഓഡിറ്റിൽ നിജപ്പെടുത്തുന്നു. 4,52,943/-രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട സർക്കാർ ഫണ്ടിൽ ഒടുക്കു വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് .

3-3 മാർഗരേഖയ്ക്ക് വിരുദ്ധമായ ചെലവ് നിരാകരിക്കുന്നു.

പ്രോജക്ട് നം – 28/19-20

( സമർത്ഥരായ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ ധനസഹായം.)
ആകെ അടങ്കൽ – 25,00,000/-രൂപ, വികസന ഫണ്ട് എസ്.സി.പി.
ആകെ ചെലവ് - 12,65,000/-രൂപ
നിർവഹണ ഉദ്യോഗസ്ഥൻ – പട്ടികജാതി വികസന ഓഫീസർ

സംസ്ഥാന സർക്കാരോ, കേന്ദ്രസർക്കാരോ, സർക്കാരുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്ന എല്ലാത്തരം കോഴ്സുകളിലേയ്ക്കും യോഗ്യത നേടി പഠനം നടത്തിവരുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നൽകുന്ന പ്രസ്തുത പദ്ധതി പ്രകാരം പാർവതി റ്റി.എൽ, കോക്കാട്, തെക്കതിൽ വീട്, അഞ്ചൽ [ അക്കൗണ്ട് നമ്പർ 67247685156 - എസ്.ബി.ഐ. അഞ്ചൽ] എന്ന ഗുണഭോക്താവിന് ബിൽ നം.101/19-20 തീയതി 5.3.20 പ്രകാരം 30,000/-രൂപ ധനസഹായം ആയി നൽകിയിട്ടുണ്ട്. എന്നാൽ നിർവഹണ അധികാരികൾ ഹാജരാക്കിയ സാംഖ്യാ രേഖകൾ പ്രകാരം 2019-20 അക്കാദമിക് വർഷം തന്നെ ജില്ലാ പഞ്ചായത്തിൽ നിന്നും ഇതേ ആനുകൂല്യം പ്രസ്തുത ഗുണഭോക്താവിന് ലഭിച്ചതായി കണ്ടു. [UTR.No. - U000000760560504]

സർക്കാർ ഉത്തരവ് (കൈ) 22/2018/തസ്വഭവ തിരുവനന്തപുരം തീയതി 14-2-2018 -പ്രകാരം ഒരാൾക്ക് ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ, വകുപ്പിൽ നിന്നോ ധനസഹായത്തിന് അർഹതയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഒരാൾക്ക് ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്ന് ഒരേ അക്കാദമിക്ക് വർഷം ധനസഹായം ലഭിക്കാനിടയായ സാഹചര്യം വിശദീകരിയ്ക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ജില്ലാ പഞ്ചായത്തിൽ നിന്നും ധനസഹായം ലഭിച്ച സാഹചര്യത്തിൽ ബ്ലോക്കിൽ നിന്നും അനുവദിച്ച ധനസഹായം 30,000/-രൂപ തിരിച്ചടയ്ക്കാൻ ഗുണഭോക്താവിന് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത തുക യഥാഫണ്ടിൽ ഒടുക്കുവരുത്തി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം – 9/25-2-22

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 26-02-2022 | കെ.എസ്.എ.കെ.എൽ.എം.പി.1/398/22 തീയതി- 01.07.2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്ക് തൻവർഷം ലഭിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

| മുൻബാക്കി | 2019-20 ൽ ലഭിച്ച തുക(രൂപ) | പ്രോജക്ട് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്ത് – 5,08,67,830/- | 19,30,001/- | PMAY | 1,23,87,005/- | 4,04,10,826/- |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര്-പദ്ധതി നം | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക(രൂപ) | ചെലവഴിച്ച തുക(രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | ഇറയിൽ ആനക്കുളം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-39/19-20 | 165/ 11-10-19 | 4,00,000/- | 0 | 4,00,000/- |
| | കല്ലുവെട്ടാംകുഴി മുക്കാൽസെന്റ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -46/19-20 | 159/ 28-09-19 | 4,00,000/- | 2,84,517/- | 1,15,483/- |
| | താഴെ മീൻകുളം എസ് സി കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-49/19-20 | 169/ 15-10-19 | 2,00,000/- | 0 | 2,00,000/- |
| | ആയൂർ ജവഹർ എച്ച് എസ് അകമൺ കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -114/19-20 | 254/ 11-12-19 | 4,00,000/- | 3,55,439/- | 44,561/- |
| | അഞ്ചൽ ചീപ്പ് വയൽ കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -115/19-20 | 160/28-09-19 | 4,00,000/- | 3,32,862/- | 67,138/- |
| | ചില്ലിംഗ് പ്ലാന്റ് ഏലാമുറ്റം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ – 121/19-20 | 166/ 11-10-19 | 10,00,000/- | 7,23,354/- | 2,76,646/- |
| | മലമേൽ മാത്രർ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -134/19-20 | 5-10/05-04-19 | 6,93,995/- | 0 | 6,93,995/- |

| | | | | | |
|---|---|---|---|---|---|
| | പട്ടികജാതി സങ്കേതങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -135/19-20 | 11/05-04-19 | 15,20,000/- | 0 | 15,20,000/- |
| | ചോലത്തറ എസ് സി കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -190/19-20 | 317/ 03-01-20 | 3,20,000/- | 2,69,013/- | 50,987/- |
| | കാവുങ്കൽകാവ് -തൊണ്ടിയറ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-191/19-20 | 219/ 19-11-19 | 4,00,000/- | 2,76,189/- | 1,23,811/- |
| ആകെ | | | 57,33,995/- | 22,41,374/- | 34,92,621/- |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സ്ഥിര നിക്ഷേപം

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-1999 | - | 2001-2002 | 1-2 | ആംബുലൻസ് ഷെഡ് നിർമ്മാണം 21,394/- രൂപയുടെ അധിക ചെലവ് | വിശദാംശങ്ങൾ ലഭ്യമല്ല. |
| 1999-2000 | 20 | 2002-2003 | VII 2-4-1 | ആംബുലൻസിൽ നിന്നുള്ള വരവ് ധനദുർവിനിയോഗം | വിശദാംശങ്ങൾ ലഭ്യമല്ല. |
| 2000-2001 | 3-1 | 2004-2005 | II 2-1 | കാർഷിക മേള നടത്തിയതിൽ അനധികൃത ചെലവ് | വിശദാംശങ്ങൾ ലഭ്യമല്ല. |
| 2011-2012 | 3-43 | 2013-14 | 5-3-15 | കരുകോൺ വനിത പ്രവർത്തന കേന്ദ്രം | വിശദാംശങ്ങൾ ലഭ്യമല്ല. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 1,68,000/- | ശ്രീമതി. സൗമ്യാഗോപാലകൃഷ്ണൻ, സെക്രട്ടറി |
| 3-2 | | 4,52,943/- | ശ്രീ.സി. വിജയകുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-3 | | 30,000/- | ശ്രീ.ബേബി തോമസ്, പട്ടികജാതി വികസന ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 21,20,934/- | ഡോ.പ്രകാശ് മെഡിക്കൽ ഓഫീസർ കുളത്തൂപ്പുഴ സി.എച്ച്.സി |
| 1-13 | 1,50,000/- | ശ്രീ.കെ.മുരളീധരൻ പിള്ള, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-15 | 2,55,81,234/- | ശ്രീമതി.സൌമ്യ ഗോപാലകൃഷ്ണൻ, സെക്രട്ടറി |
| 1-16 | 3,00,000/- | ശ്രീ.ബേബി തോമസ്, പട്ടികജാതി വികസന ഓഫീസർ |
| 1-17 | 34,41,634/-<br>50,987/- | ശ്രീമതി.സൌമ്യ ഗോപാലകൃഷ്ണൻ, സെക്രട്ടറി<br>ശ്രീ.കെ.മുരളീധരൻ പിള്ള, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-22 | 47,850/- | ശ്രീ.ബേബി തോമസ്, പട്ടികജാതി വികസന ഓഫീസർ |
| 1-25 | 72,930/- | ശ്രീ.ബേബി തോമസ്, പട്ടികജാതി വികസന ഓഫീസർ |
| 3-2 | 5,30,000/- | ശ്രീ.സി. വിജയകുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|
| ശ്രീമതി. സൗമ്യാ ഗോപാലകൃഷ്ണൻ, സെക്രട്ടറി | ഇടയിൽവീട്, ഭാരതീപുരം, ഏരൂർ |
| ശ്രീ.കെ.മുരളീധരൻ പിള്ള, സെക്രട്ടറി-ഇൻ-ചാർജ്ജ് | അഭിഷേക് ഭവനം, കിഴക്കും ഭാഗം, ചിതറ പി.ഒ |
| ശ്രീമതി. സനജ ബീഗം, പട്ടികജാതി വികസന ഓഫീസർ | സിറാജ് മൻസിൽ, ചിറ്റാറ്റ്മുക്ക്, കണിയാപുരം |
| ശ്രീ. ബി. വിജയകുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | കർണ്ണികാരം, 15-എ, പട്ടത്താനം നഗർ, പട്ടത്താനം. പി. ഒ, കൊല്ലം. |

| | |
|---|---|
| ശ്രീ.ബേബി തോമസ്, പട്ടികജാതി വികസന ഓഫീസർ | ഡാലിയഹൗസ്, തൃപ്പലഴികം, കുഴിമതിക്കാട്, കൊട്ടാരക്കര |
| ഡോ.പ്രകാശ് മെഡിക്കൽ ഓഫീസർ, കുളത്തൂപ്പുഴ സി.എച്ച്.സി | പ്രകാശ്ഭവൻ, മുക്കോണിക്കൽ, നെടുമങ്ങാട് പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1996-97 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 9 |
| 2 | 1997-98 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 12 |
| 3 | 1998-99 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 12 |
| 4 | 1999-2000 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 9 |
| 5 | 2000-01 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 6 |
| 6 | 2001-02 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 3 |
| 7 | 2002-03 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 9 |
| 8 | 2003-04 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 8 |
| 9 | 2004-05 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 12 |
| 10 | 2005-06 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 5 |
| 11 | 2006-07 | എൽ.എഫ്.ക്യൂ.ഡി.ബി.1377(2)- തീയതി 23-06-2014 | 13 |
| 12 | 2007-08 | എൽ.എഫ്.ക്യൂ.ഡി.ബി.1377(3)- തീയതി 23-06-2014 | 7 |
| 13 | 2008-09 | എൽ.എഫ്.ക്യൂ.ഡി.ബി.1377(4)- തീയതി 23-06-2014 | 14 |
| 14 | 2009-10 | എൽ.എഫ്.ക്യൂ.ഡി.ബി.1377(5)- തീയതി 27-06-2014 | 7 |
| 15 | 2010-11 | എൽ.എഫ്.ക്യൂ.ഡി.ബി.1377(6)- തീയതി 27-06-2014 | 6 |
| 16 | 2011-12 & 2012-13 | എൽ.എഫ്.ക്യൂ.ഡി.ബി.790/14- തീയതി 07-11-14 / 30-01-2015 | 42 |
| 17 | 2013-14 & 2014-15 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി 1734/16, 20.02.17 | 17 |
| 18 | 2015-16 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി 457/17/13.3.17 | 20 |
| 19. | 2016-17 | കെ.എസ്.എ.കെ.എൽ.എം.പി1/2005/17/27.11.17 | 14 |
| 20. | 2017-18 | കെ.എസ്.എ.കെ.എൽ.എം.പി1/4/2019/11.03.2019 | 9 |
| 21 | 2018-19 | കെ.എസ്.എ.കെ.എൽ.എം.പി1/1084/2020/ 19-02-2021 | എല്ലാ ഖണ്ഡികകളും |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്